# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2478

01/04/2013-ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകൾ പുന:രുദ്ധരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് വരൾച്ച നേരിടുന്നതിനായി കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) മഴക്കുറവുമൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കുടിവെള്ളവും കൃഷി നിലനിറുത്തുന്നതിനുള്ള ജലവും വരുംമാസങ്ങളിൽ പരമാവധി ലഭ്യമാക്കുന്നതിലേയ്ക്കായി മണൽചാക്കിട്ട് വെള്ളം ഒഴുകി പോകാതെ താല്ക്കാലിക തടയണ കെട്ടുന്നതിന് **ജല അതോറിറ്റിയ്ക്ക് 57 കോടി രൂപയും ജലസേചന വകുപ്പിന് 22 കോടി രൂപയും ഭൂഗർഭ ജലവകുപ്പിന് നിർദ്ദേശിച്ച കുഴൽ കിണർ കുഴിക്കുന്നതിന് ആവശ്യമായ 13 കോടി രൂപ ഉൾപ്പെടെ മൊത്തം 92 കോടി രൂപയ്ക്കുള്ള** ഭരണാനുമതി നൽകി 0/02/2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 93/2013/ ജവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>കൂടാതെ മഴക്കുറവ് മൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ആസ്ബെസ്റ്റോസ്, പൈപ്പുകൾ എന്നിവ പൊട്ടിയത് മൂലം അവശ്യം വേണ്ടുന്ന അറ്റകുറ്റപണികൾ ഏറ്റെടുക്കുന്നതിനു വേണ്ടിയും ആവശ്യമായ ഭരണാനുമതി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകി 02/02/2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 94/2013/ജവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) നാശോന്മുഖമായ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | ബി) 'R R R of Ponds' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ **ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ** ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുലുൾപ്പെട്ടിട്ടുള്ള പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ